File No. AGRI-EA2/39/2019-AGRI

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റം - 2020 ലെ പൊതുസ്ഥലം മാറ്റം മുതൽ കൃഷി വകുപ്പിലെ എല്ലാ തസ്തികകളിലേക്കും അനുകമ്പാർഹ സ്ഥലംമാറ്റത്തിന് ഒഴിവുകൾ നീക്കിവച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ (സാധാ)നം.1075/2019/കൃഷി തീയതി, തിരുവനന്തപുരം, 15/11/2019

പരാമർശം :- 1. സ.ഉ (പി) നം.03/2017/ഉഭപവ തീയതി 25/02/2017.
2. സ.ഉ (സാധാ) നം 230/2019/കൃഷി തീയതി 05/03/2019.
3. സ.ഉ (സാധാ) നം 355/2019/കൃഷി തീയതി 09/04/2019.
4. സ.ഉ (സാധാ) നം 445/2019/കൃഷി തീയതി 10/05/2019.
5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 14/06/2019 തീയതിയിലെ എസ്.എ (2) 2099/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൃഷി വകുപ്പിലെ 2019- ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈൻ മുഖേന ക്ഷണിച്ച് പ്രാരംഭ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, പരാമർശം (2) പ്രകാരം, പുറപ്പെടുവിച്ചിരുന്നു. ആയതിലെ സമയക്രമം പുന:ക്രമീകരിച്ച്, പരാമർശം (3),(4) പ്രകാരം, ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി.

2. മാനുഷിക പരിഗണന/സഹതാപം തുടങ്ങിയവ അർഹിക്കുന്ന ജീവനക്കാർ ട്രാൻസ്ഫർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായും എന്നാൽ ടി ജീവനക്കാരെ 'Compassionate grounds'- ഉൾപ്പെടുത്തുന്നതിന് വേണ്ടി എത്രയും വേഗം മെഡിക്കൽ ബോർഡ് രൂപീകരിച്ച് ഉത്തരവാക്കണമെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2020 ലെ പൊതുസ്ഥലം മാറ്റം മുതൽ കൃഷി വകുപ്പിലെ എല്ലാ തസ്തികകളിലേക്കും അനുകമ്പാർഹ സ്ഥലംമാറ്റത്തിന്, മൊത്തം ഒഴിവിന്റെ, 10% ഒഴിവുകൾ നീക്കിവച്ച് ഉത്തരവാകുന്നു. അനുകമ്പാർഹ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകളിൽ അന്തിമരൂപം നൽകുന്നതിനായി ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ ഡോക്ടർ, കൃഷി വകുപ്പ് ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സെക്രട്ടറിയറ്റിലെ കൃഷി (ഇഎ) വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചും ഉത്തരവാകുന്നു. കൃഷി വകുപ്പിലെ അടുത്ത പൊതുസ്ഥലംമാറ്റം മുതൽ, SPARK - ഉമായി ബന്ധപ്പെടുത്താതെ വിദ്യാഭ്യാസ വകുപ്പുകളിൽ നിലവിലുള്ളതിന് സമാനമായി ഒരു സ്വതന്ത്ര സോഫ്റ്റ് വെയർ National Informatics Centre (NIC) മുഖേന

വി..സിപ്പിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ബിനോദ്.കെ**
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
കൃഷി (ഇഎ) വകുപ്പിന്റെ അഡിഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി
കൃഷി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും (കൃഷി-ഇഎ 2/39/2019/കൃഷി)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ